

# അക്കാദമിക മാസ്റ്റർ പ്ലാൻ
# എൽ.പി.എസ്. കഴുവിലങ്ങ്

**2025 - 2026**

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാവിശകലനം.
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ.
8. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം.)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം.
12. അനുബന്ധം
13. മികവുകൾ നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)
14. നിലവിലുള്ള കമ്മറ്റികൾ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : L P S. കഴുവിലങ്ങ് |
| | വിലാസം | : മതിലകം. P. O. തൃശ്ശൂർ കേരള. PIN. 680685 |
| 2. | സ്കൂൾ കോഡ് | : 23427 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : കൊടുങ്ങല്ലൂർ |
| 4. | വിദ്യാഭ്യാസ ജില്ല | : ഇരിഞ്ഞാലക്കുട |
| 5. | റവന്യൂ ജില്ല | : തൃശ്ശൂർ |
| 6. | ബി. ആർ. സി | : മതിലകം |
| 7. | സി. ആർ. സി | : എ. എം. യു. പി. എസ് കൂളിമുട്ടം |
| 8. | ഗ്രാമപഞ്ചായത്ത് | : മതിലകം (13-ാം വാർഡ്) |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : മതിലകം |
| 10. | നിയമസഭാ മണ്ഡലം | : കൈപ്പമംഗലം. |
| 11. | ലോകസഭാ മണ്ഡലം | : ചാലക്കുടി. |
| 12. | താലൂക്ക് | : കൊടുങ്ങല്ലൂർ |
| 13. | വില്ലേജ് | : കൂളിമുട്ടം |
| 14. | ഇ. മെയിൽ | : lpskazhuvilangu2@gmail.com |

# ആമുഖം

1924-ൽ സ്ഥാപിതമായ എൽ.പി.എസ് കഴുവിലങ്ങ് തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. 1 മുതൽ 4 വരെ ക്ലാസുകളാണ്. ഇവിടെ പ്രവർത്തിക്കുന്നത്. നാല് അധ്യാപകരാണ് ഈ വിദ്യാലയത്തിലുള്ളത്. വിദ്യാർത്ഥികളുടെ കുറവ് വിദ്യാലയം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. പൊതു വിദ്യാലയങ്ങൾ നേരിടുന്ന വെല്ലുവിളികളെ മറികടക്കാനുള്ള പ്രവർത്തനങ്ങളാണ് വിദ്യാലയത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് വിദ്യാലയത്തിൽ രൂപീകരിച്ച വിദ്യാലയ വികസന സമിതിയാണ്. നമ്മുടെ വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിന് സമൂഹ പങ്കാളിത്തത്തോടെ ജനകീയ നിർദേശങ്ങൾ കൂടി സ്വീകരിച്ചുകൊണ്ട് വരും വർഷങ്ങളിൽ ഈ വിദ്യാലയം അക്കാദമികമായി എന്തെല്ലാം മാറ്റങ്ങളിലൂടെ കടന്നു പോകണം എന്ന ലക്ഷ്യത്തോടെ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. ഭാഷാപഠനം, ഗണിതശാസ്ത്രം, ഇതര ഭാഷാപഠനം, ക്ലാസ് ലൈബ്രറി, ക്ലാസ് PTA, സ്മാർട്ട് ക്ലാസ്റൂം, ജൈവ വൈവിധ്യ ഉദ്യാനം, ടാലന്റ് ലാബ് എന്നീ മേഖലകളിൽ വിദ്യാലയം എങ്ങനെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു എന്നും ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ അറിയാൻ കഴിയും. വിദ്യാഭ്യാസ വിദഗ്ധർ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, PTA, പൂർവ്വ അധ്യാപകർ എന്നിവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ക്രോഡീകരിച്ച് തയ്യാറാക്കിയ വിശദമായ ഒരു അക്കാദമിക് രൂപരേഖ തുടർന്നുള്ള താളുകളിൽ കാണാവുന്നതാണ്.

# ലക്ഷ്യങ്ങൾ

വിദ്യാലയത്തിലെ P.T.A., S.S.G, വിദ്യാലയ വികസന സമിതി എന്നിവരുടെ സഹായത്തോടെ വരും വർഷങ്ങളിൽ വിദ്യാലയത്തെ മികച്ച അക്കാദമിക നിലവാരത്തിലെത്തിക്കുക എന്നതാണ് ഞങ്ങളുടെ പ്രധാനവും ലക്ഷ്യം വയ്ക്കുന്നത്.

- വിദ്യാലയ പരിസരത്തുള്ള മുഴുവൻ കുട്ടികളും മറ്റു വിദ്യാലയങ്ങൾ തേടിപ്പോകാതെ നമ്മുടെ വിദ്യാലയത്തിലെത്തിക്കുക.
- വിദ്യാലയത്തിന്റെ പോരായ്മകൾ തിരിച്ചറിഞ്ഞ് അത് മികച്ചതാക്കുന്നതിന് വേണ്ടിയുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തിയാക്കുക.
- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലത്തിലേക്ക് എത്താൻ വേണ്ട പഠനാവസരം ഒരുക്കും.
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ്മുറികളും സജ്ജമാക്കുക.
- ഓരോ കുട്ടിയും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ ഉറപ്പാക്കുക.
- സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുകയും സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയരായ പൗരൻമാരെ വളർത്തുക.
- പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി വിമുക്തവുമായ ഹരിത വിദ്യാലയം രൂപപ്പെടുത്തുക.
- കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ വിദ്യാലയത്തെ മികച്ച നിലവാരത്തിലെത്തിക്കുക.

- മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നി മൂന്ന് ഭാഷകളിൽ മികച്ച ആശയ വിനിമയ ശേഷി കൈവരിക്കുക.

- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കളെയും സമൂഹത്തെ അറിയിക്കുക.

- വിദ്യാലയത്തിന്റെ സാഹചര്യത്തിനനുസരിച്ച് ജൈവവൈവിധ്യ ഉദ്യാനം ഉണ്ടാക്കുക.

- പ്രത്യേക പരിഗണന അർഹിക്കുന്നവരെ മുൻനിരയിൽ എത്തിക്കുക.

- പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയും ആക്കുവാൻ ആവശ്യ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുക.

# സ്കൂൾ ചരിത്രം

തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്ക് കൂളിമുട്ടം വില്ലേജ് കൂടിവിലങ്ങ് ദേശത്ത് മതിലകം ഗ്രാമപഞ്ചായത്ത് 13-ാം വാർഡിൽ 13 സെന്റ് സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1924-ൽ സ്ഥാപിതമായ സ്കൂൾ അന്നത്തെ കോഴിക്കോട് ജില്ലയിൽ പൊന്നാനി താലൂക്കിൽ സൗത്ത് മലബാർ ഡിസ്ട്രിക്ട് എഡ്യുക്കേഷൻ ബോർഡ്, ചാവക്കാട് എന്നിവരുടെ അധികാര പരിധിയിലാണ് പ്രവർത്തിച്ചിരുന്നത്.

90 വർഷത്തിലേറെ പ്രവർത്തന പാരമ്പര്യമുള്ള ഈ സ്കൂളിന്റെ ഭൂതകാല ചരിത്രം ചികഞ്ഞു നോക്കിയാൽ ഈ പ്രദേശത്തെ സമൂഹഭൂരിപക്ഷം ജനങ്ങളും വിജ്ഞാനത്തിന്റെ ആദ്യാക്ഷരം കുറിച്ചത് ഈ വിദ്യാലയത്തിലൂടെയായിരുന്നു എന്ന് ബോധ്യപ്പെടുന്നതാണ്. സമീപ പ്രദേശത്തുള്ള മറ്റു പല സ്കൂളുകളും ഇതിനു ശേഷം ആരംഭിച്ചതാണ്. കിഴക്കൂട്ട് നായർ തറവാട്ടുകാർ അനുവദിച്ചു നൽകിയ സ്ഥലത്ത് നമ്പിശ്ശേരി വീട്ടിൽ കണ്ടിരാമൻ എന്ന വ്യക്തിയുടെ ശ്രമഫലമാണ് സ്കൂളിന്റെ നിർമ്മാണം, അനന്തരവനായ നമ്പിശ്ശേരി കുഞ്ഞൻ മാസ്റ്റർ ഇവിടെ അധ്യാപകനായിരുന്നു. പിൽക്കാലത്ത് പുന്നക്കത്തറയിൽ രാവുണ്ണി വേലപ്പൻ എന്നയാൾക്ക് വസ്തുവകകൾ പൂർണ്ണാവകാശത്തോടെ കൈവശം സിദ്ധിക്കുകയുണ്ടായി. ടി. യൻ ചീനിക്ക് പുത്തൻപുരയിൽ ശങ്കരൻ മകൻ കണ്ണൻ എന്നയാൾക്ക് കൈമാറുകയും ചെയ്തു. ശ്രീ കണ്ണൻ എന്നയാളിൽ നിന്നും സ്ഥാപനം ഏറ്റെടുക്കുന്നത് കുഞ്ഞിരാമൻ മാസ്റ്റർക്ക് ജന്മം തീറായി കൈമാറ്റം ചെയ്തു വാങ്ങുകയായിരുന്നു. ഏകദേശം വർഷം സ്കൂൾ

ഉദ്യാനത്തിനും സ്കൂൾ ഇരിക്കാൻ ഉണ്ടായിരുന്നു. കൂടുതൽ വിദ്യാർത്ഥികൾക്കും ഇരിക്കാനാവശ്യമായ ബെഞ്ചുകൾ ഉണ്ടായിരുന്നില്ല. ബെഞ്ചുകളുടെ കുറവ് പരിഹരിക്കാനായി തെങ്ങുടെ തടി കൂട്ടിക്കെട്ടി ബഞ്ച് രൂപത്തിലാക്കി കുട്ടികളെ ഇരുത്തി പഠിപ്പിക്കുന്ന സ്ഥിതിയുണ്ടായി. കാലപ്പഴക്കം വന്നപ്പോൾ സ്കൂൾ കെട്ടിടം ജീർണ്ണാവസ്ഥയിൽ എത്തുകയും യഥാസമയം കെട്ടിടം കെട്ടിമേയാൻ കഴിയാത്തതു കാരണം ഏതുഭാഗവും ചോർന്നൊലിക്കുന്ന സ്ഥിതിവന്നു. സ്കൂൾ മാനേജ്മെന്റുകളുടെ മാറ്റത്തിനനുസരിച്ച് അവർ ചെറിയ ചെറിയ അറ്റകുറ്റപ്പണികൾ നടത്തി, സ്കൂൾ കെട്ടിടം നിലനിർത്തി പോന്നുകൊണ്ടിരുന്നു. ഓരോന്നിനും നിലവിലുള്ള മാനേജ്മെന്റിന്റെ ശ്രമഫലമായി തെങ്ങിൻ പട്ടിക ബെഞ്ചുകളും, തറ സിമന്റിട്ട് തറകളും തേച്ച് കെട്ടി ഭദ്രമായ ചുമരുകളും ആവശ്യമായ ജനലുകളും മേൽക്കൂര ഓടുമേഞ്ഞതും ഒക്കെയായി സ്കൂൾ കെട്ടിടം സുരക്ഷിതമായി മാറി. കാലാനുസൃതമായി മാറ്റങ്ങളും വരുത്തി ചെയ്തു.

ഇപ്പോഴത്തെ പോലെ തന്നെ മുൻകാലത്ത് വളരെ പ്രഗത്ഭരായ അദ്ധ്യാപകർ സ്കൂളിന് അദ്ധ്യയനം നൽകിയിരുന്നു. അവരെ ആരെയും ഈ സന്ദർഭത്തിൽ ഓർക്കാതിരിക്കാൻ കഴിയില്ല. പ്രഗത്ഭനായ നമ്പ്യേരി കൃഷ്ണൻ മാസ്റ്റർ മുൻകാല അദ്ധ്യാപകരിൽ പ്രമുഖനായിരുന്നു. മറ്റൊരാൾ പ്രഗത്ഭനായ പിണിയത്ത് രാമകൃഷ്ണൻ മേനോൻ മാസ്റ്റർ പ്രധാന അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുകയും പിന്നീട് സ്കൂളിന് നിന്നും ഒഴിവായി തുടങ്ങിയ കാവിലുണ്ടായിരുന്ന പഴയ L. P സ്കൂളിലേക്ക് പോയി ജോലി ചെയ്യുകയും വിരമിക്കുകയും ചെയ്തു. പിൽക്കാലത്തെ മുൻനിര അദ്ധ്യാപകർ

കൃഷ്ണയ്യനെയാണ് മാനേജ്മെന്റിന് പ്രവർത്തികളായി. തുടർന്ന് കൃഷ്ണയ്യനെ ഇപ്പോഴത്തെ സ്കൂൾ മാനേജരായ പെരിഞ്ഞനം ചന്ദ്രപ്പനെയിൽ വേലായുധൻ മാസ്റ്റർക്കെതിരെ വിജയിച്ചതിന്റെ പേരിലാണ് മാറ്റുകയാണുണ്ടായത്.

സർക്കാർ നിർദ്ദേശപ്രകാരം അന്ന് LP സ്കൂളുകളിൽ 5-ാം തരം വരെയുള്ള ക്ലാസുകളാണ് ഉണ്ടായിരുന്നത്. ഉന്നത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന്റെ നിലവാരത്തിന് മൂന്ന് അധിക ഡിവിഷനുകൾ കൂടുതലായി പ്രവർത്തിച്ചിരുന്നു. സ്കൂളിന്റെ സ്ഥലപരിമിതി കാരണം തെക്കേ സ്ഥിതിചെയ്തിരുന്ന ശിവാലയം എന്ന കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ഏറെക്കാലം രണ്ട് ക്ലാസുകൾ പ്രവർത്തിക്കുകയാണുണ്ടായിട്ടുള്ളത്. പിൽക്കാലത്ത് 5-ാം ക്ലാസ് L.P. സ്കൂളിൽ നിന്നും ഒഴിവാക്കിയുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാല് ക്ലാസുകളായി മാറുകയും ചെയ്തു. വിദ്യാർത്ഥികൾ കുറയുകയും ഡിവിഷനുകൾ ഇല്ലാതാവുകയും ചെയ്ത സാഹചര്യത്തിൽ പിൽക്കാലത്ത് നല്ല അദ്ധ്യാപകരായി സ്കൂൾ നിലനിർത്തുകയും ചെയ്തു.

മുൻകാലത്തെ സ്കൂൾ കെട്ടിടത്തിന്റെയും പരിസരത്തിന്റെയും സൗകര്യങ്ങളെക്കുറിച്ച് അറിയുന്നത് നന്നായിരിക്കും.

ഓല മേഞ്ഞ കെട്ടിടം, ഓലകൊണ്ട് തന്നെ മറച്ചു കെട്ടിയ ചുമരുകൾ, മരത്തിന്റെ തൂണുകൾ, നാലു ഭാഗവും മണ്ണ് നിറച്ച നിലമുള്ള ക്ലാസ് മുറികൾ. അദ്ധ്യാപകർക്കിരിക്കാൻ കസേരയോ ആവശ്യമായ മേശയോ ഇല്ലാത്ത അവസ്ഥ. മരപ്പലക കൊണ്ടുള്ള ബെഞ്ചുകൾ

വാഴപ്പുറത്ത് കുഞ്ഞിരാമമേനോൻ (School manager) അദ്ദേഹത്തിന്റെ സഹോദരൻ ശ്രീ. ശിവരാമമേനോൻ മാസ്റ്റർ, ചെറിയന്നൂർ വെസ്റ്റ് നിവാസികളും മിലിട്ടറി റിട്ടയേർഡ് ജീവനക്കാരുമായ പഴയകുന്നിൽ V.C. കുമാരൻ മാസ്റ്റർ, P.S. മാധവൻ ഗുരുക്കൾ മാസ്റ്റർ എന്നിവരും കൂടാതെ നായരൂത്തിയിൽ T.K. ഭാർഗവി ടീച്ചർ, പനങ്ങാട് P.K. കുമാരൻ മാസ്റ്റർ. S.N. പുരം സ്വദേശി കിഴക്കേട്ട് രാജലക്ഷ്മി ടീച്ചർ, പൊക്കണ്ണായിൽ പത്മാക്ഷി ടീച്ചർ തുടങ്ങിയ അദ്ധ്യാപകരുടെ ഒരു നിരതന്നെ ഉ-ണ്ടായിരുന്നു. ഇവരിൽ പനങ്ങാട് P.K. ശങ്കരനാരായ-ണൻ മാസ്റ്റർ മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ. പിന്നീട് പ്രധാന അദ്ധ്യാപകരായി വിരമിച്ചവർ പുന്നിലത്ത് സൗദാമിനി ടീച്ചർ, പുത്തൻതറയിൽ ജിജ ബേബി ടീച്ചർ എന്നിവരായിരുന്നു. സഹാ-ധ്യാപകരായി രണ്ട് പേർ ഇപ്പോൾ വിരമിച്ചിട്ടുണ്ട്. പുത്തൻചിറ സ്വദേശി ഹസ്സൻ മാസ്റ്റർ, മുഹമ്മദ് മാസ്റ്റർ (അറബിക്) എന്നിവരാണവർ.

# വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയാൽ മാത്രമേ വിദ്യാലയത്തിലെ വിദ്യാർത്ഥികളും എല്ലാത്തിൽ വർ സമ്പന്നരാകൂ. വിദ്യാലയത്തിന്റെ ഭൗതികവും, സാമൂഹികവും, അക്കാദമികവുമായ മേഖലകളായി മാറുക. എന്നാൽ പ്രധാനപ്പെട്ട ഒന്നാണ് നമ്മൾ കാണേണ്ട അക്കാദമികമായ പ്രവർത്തനങ്ങൾ ആണ്. അതിനായി ഭാഷ, ഗണിതം, ഇംഗ്ലീഷ്, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ജൈവവൈവിധ്യ ഉദ്യാനം, സ്മാർട്ട് ക്ലാസ്റൂം, ക്ലാസ് ലൈബ്രറി എന്നിങ്ങനെ നൂതന ഉപാധികളിലൂടെ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

അക്കാദമിക മേഖലയിലെ പ്രവർത്തനങ്ങൾ P.T.A., S.S.G, വിദ്യാലയവികസന സമിതി, വിദ്യാഭ്യാസ പ്രവർത്തകർ, തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയെടുക്കേണ്ടതാണ്. വിദ്യാലയത്തിലെ ഇത്തരം പ്രവർത്തനങ്ങൾ അതായത് മികവുകൾ സമൂഹവുമായി പങ്കുവെക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമായി എന്നിട്ട് വിദ്യാലയത്തിലേക്ക് കുട്ടികൾ എത്തുകയുള്ളൂ. വിദ്യാലയം അക്കാദമികമായി ഉയർന്ന നിലവാരത്തിലെത്തിയാൽ മാത്രമേ വിദ്യാലയം മികവിന്റെ കേന്ദ്രം എന്ന വാക്ക് അന്വർത്ഥമാവുകയുള്ളൂ. ഇതിനോടൊപ്പം സഹാനുഭൂതി, സ്നേഹം, സഹപ്രവർത്തനം, കാർഷിക സംസ്കാരം ഇവ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കണം.

## നിലവിലെ അവസ്ഥ വിശകലനം (പരിമിതികൾ, നേട്ടങ്ങൾ)

ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ ആരും തന്നെ അക്ഷരം അറിയാത്തവരായി ഇല്ല എന്ന സന്തോഷം പങ്കു വയ്ക്കട്ടെ. അക്ഷരങ്ങളുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നുണ്ടെങ്കിലും ഭാഷാവ്യവഹാരങ്ങളുടെ കാര്യത്തിൽ കുട്ടികൾ ഇനിയും മുൻപന്തിയിൽ എത്തേണ്ടതുണ്ട്. ഗണിതത്തിൽ സ്ഥാനവില, ചതുഷ്ക്രിയകൾ, പ്രശ്നാപഗ്രഥനം എന്നിവയിലും ശാസ്ത്രത്തിൽ അപഗ്രഥനം നിഗമന രൂപീകരണം എന്നിവയിലും മുൻപന്തിയിലെത്തേണ്ടതുണ്ട്. ഇംഗ്ലീഷ് പഠനത്തിന്റെ കാര്യത്തിൽ ഇംഗ്ലീഷ് ഭാഷ സ്വാഭാവികമായി കൈകാര്യം ചെയ്യുന്നതിനും സംസാരിക്കുന്നതിനുമുള്ള ശ്രദ്ധ നൽകേണ്ടതുണ്ട്. I.T അധിഷ്ഠിത പഠനം, ജൈവ വൈവിധ്യ പാർക്ക് എന്നിവയിലും പരിമിതികൾ ഉണ്ട്. ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് സ്ഥലക്കുറവ് ഏറ്റവും വലിയ പോരായ്മയാണ്. 13 സെന്റ് സ്ഥലത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഇതു കൂടാതെ കലാകായിക പ്രവർത്തനങ്ങളിലും വിദ്യാലയം മുമ്പിലെത്തേണ്ടതുണ്ട്.

ഇത്തരത്തിലുള്ള പോരായ്മകൾ ഉണ്ടെങ്കിലും ഓരോ വിദ്യാർത്ഥിയെയും വ്യക്തിഗതമായി ശ്രദ്ധിക്കാനും അവരുടെ രക്ഷിതാക്കളുമായി ദിവസേന വിവരങ്ങൾ കൈമാറുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ട്. വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിവുള്ള വിദഗ്ധർ അടങ്ങിയ ഒരു വിദ്യാലയ വികസന സമിതി വിദ്യാലയത്തിനുള്ളത് ഏതൊരു പോരായ്മയും നേരിടാൻ കഴിയും.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠനപരിപോഷണം
* ശാസ്ത്രപോഷണ പരിപാടി
* സാമൂഹ്യശാസ്ത്ര പഠനം
* സ്മാർട്ട് ക്ലാസ് റൂം.
* ഐ.ടി. അധിഷ്ഠിത പഠനം.
* ജൈവവൈവിധ്യ ഉദ്യാനം
* ടാലന്റ് ലാബ്
* ക്ലാസ് PTA
* ക്ലാസ് ലൈബ്രറി
* പ്രവൃത്തിപരിചയം
* കലാപരിശീലനം
* ആരോഗ്യകായിക വിദ്യാഭ്യാസം.
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിപാടി.

# പദ്ധതി വിശദാംശങ്ങൾ

# മേഖല - അക്കാദമികം

## ഉപമേഖല - ഭാഷാശേഷി വികസനം

പ്രശ്നം -

- സർഗാത്മക രചനയ്ക്കുള്ള അവസരം കുറവ്
- കുട്ടികൾക്ക് അക്ഷരത്തെറ്റുകൾ ഉണ്ടാകുന്നു. ചിഹ്നങ്ങൾ ഉറക്കുന്നില്ല.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. (അക്ഷരദീപം) | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ | 2025- ആഗസ്റ്റ് മുതൽ സെപ്തംബർ വരെ | | |
| | • വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കൽ | എല്ലാവർഷവും തുടർച്ചയായി | | |
| | • ചിത്രം അടിക്കുറിപ്പ്<br>• ചിത്രം കഥപറയൽ | എല്ലാവർഷവും | | |
| | • ചിത്രം കഥഎഴുതൽ<br>• കഥ - ബാക്കി എഴുതൽ | എല്ലാവർഷവും | | |
| | • കഥാപുസ്തകം നൽകൽ<br>• പിന്നോക്കക്കാർക്ക് പ്രത്യേകം ക്ലാസ് | 2025 ജൂൺ മുതൽ | | |
| | • ക്ലാസ് വായനാമൂലം രൂപീകരിക്കൽ. | 2025 ജൂലൈ മുതൽ | | |

| | | | | |
|---|---|---|---|---|
| • മികച്ച എഴുത്ത കാരനാക്കുക | • വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ.<br>• സമീപ ഗ്രന്ഥശാലാ സന്ദർശനം.<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്രവായന<br>• അമ്മവായന<br>• പുസ്തക ചർച്ച<br>• വായനാനുഭവം പങ്കുവെക്കൽ<br>• വായനക്കുറിപ്പ്-പതിപ്പ്<br>• വിദ്യാരംഗം കലാസാഹിത്യ വേദി<br>• സ്കൂൾ സഭ, ബാലസഭ<br>• ദിനാചരണങ്ങൾ<br>• സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.<br>• ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>• ആസ്വാദകരമായ വായന<br>• വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>• പുസ്തകം ഒരുക്കൽ | 2018 നവംബർ ഏപ്രിൽ- ഷവും ജൂൺ 19 മുതൽ | കവിയു വിദ്യാർത്ഥ സഹായം | അധ്യാപകർ 15000 BRC 2000 |

| | | | | |
|---|---|---|---|---|
| | • എഴുത്തുകൂട്ട രൂപീകരണം<br>• പുസ്തക ചർച്ച<br>• ക്ലാസ് ലൈബ്രറി<br>• വായനാക്കുറിപ്പ് പതിപ്പ്<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>• പതിപ്പ് തയ്യാറാക്കൽ<br>• വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>• വ്യക്തിഗത രചന, സംഘരചന<br>രചയിതാക്കളെ പരിചയപ്പെടൽ<br>• ഭാഷാ ക്ലാസ് മുറികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>• അമ്മ പറയട്ടെ<br>അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു.<br>• അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു.<br>• കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | എല്ലാ വർഷവും | class Teacher | |

| | | | | |
|---|---|---|---|---|
| | • രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ<br>• പുസ്തക ശേഖരണവും പ്രദർശനവും<br>• ചിത്ര ഗ്യാലറി | ഒക്ടോബർ നവംബർ വരെ | SRG | PTA |
| വായനാ പരിപോഷണം | • പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>• വായനക്കളരി<br>• നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | നവംബർ<br>ആഴ്ചയിൽ<br>ആഗസ്റ്റ് | HM<br>SRG<br>class Tech<br>CPTA | PTA |
| വായനാശേഷി വളർത്തൽ | • ക്ലാസ് വായനക്കൂട്ടം<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• പുസ്തക പരിചയം<br>• വായനക്കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ്<br>• പുസ്തക സംവാദം<br>• ആനുകാലിക വായന | | | |
| എഴുത്ത് പരിപോഷണം | പാഠഭാഗങ്ങളിലെ പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG | PTA |

## മേഖല അക്കാദമികം

ഉപമേഖല : ഗണിത ശേഷി വികസനം

- ഗണിതക്രിയകൾ സംഖ്യാബോധത്തോടു കൂടി ചെയ്യാൻ കഴിയാത്ത അവസ്ഥ.
- ഗണിത ശേഷികൾ കിട്ടാത്ത അവസ്ഥ.
- പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കാനുള്ള കഴിവില്ലായ്മ
- എല്ലാ കുട്ടികൾക്കും ഒരേപോലെ ചതുഷ്ക്രിയകൾ ചെയ്യാൻ കഴിയുന്നില്ല.
- ചിന്താ ശേഷി വളരാത്ത അവസ്ഥ.
- ജ്യാമിതീയ സത്വത്വം തിരിച്ചറിയാനാവുന്നില്ല.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ<br>• ഗണിത ചിന്താ ശേഷി വളർത്തൽ | • ഗണിത മാഗസിൻ<br>• ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.<br>• ഒരു ദിനം ഒരു ചോദ്യം<br>മെട്രിക് മേള<br>ഗണിതോത്സവം | | | |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ സംഖ്യാബോധം വളർത്തുന്നതിന് സഹായകമായ പഠനസാമഗ്രികൾ ലഭ്യമാക്കുന്നതിനും, പ്രവർത്തികമാക്കുന്നതിനും | 1, 2 ക്ലാസ്സുകളിൽ സംഖ്യാബോധം വളർത്തുന്നതിന് വേണ്ടി ആവശ്യമായ പുസ്തകങ്ങൾ, മഞ്ചാടികൾ, സംഖ്യാചാർട്ട്, സംഖ്യാസ്ട്രിപ്പ്, സംഖ്യാപോക്കറ്റ് എന്നിവ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | 2025 ജൂൺ | SRG | |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നതിന്. | • 3,4 ക്ലാസ്സുകളിലെ കുട്ടികൾക്ക് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം തുടങ്ങിയ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് വേണ്ടി ഗണിതകിറ്റുകൾ, ഗണിതോപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും അതുപയോഗിച്ച് ഗണിത പ്രവർത്തനങ്ങൾ ചെയ്യുക. | | | |

| | | | | |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കുന്നതിന് | ഗണിതപഠനം രസകരമാക്കുന്നതിന് വേണ്ടി ഗണിത ക്ലബ്ബ് രൂപീകരിക്കൽ ഗണിത ക്വിസ് ക്ലാസ് തലത്തിൽ നടത്തും. | | | |
| ഗണിത ക്ലബ്ബ് രൂപീകരണം | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടി അവധിക്കാലത്ത് ഗണിത ശില്പശാല രൂപീകരിക്കും. | | | |
| ഓരോ പ്രായ ഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി ഉറപ്പു വരുത്തുന്നതിന് | ഗണിത മത്സരങ്ങൾ ഏർപ്പെടുത്തൽ | | | |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. | ഒരു വസ്തുത അടിസ്ഥാനമായി എടുത്തു നോക്കിയാലും അതിലെല്ലാം ഗണിതമുണ്ടെന്ന് | | | |

| | | | | |
|---|---|---|---|---|
| വിദ്യാഭ്യാസ<br>സാധ്യതകൾ<br>ഗണിതത്തിന്<br>പ്രയോജന<br>പ്പെടുത്തുന്ന<br>തിന്. | ഓരോ ദിനാച<br>രണങ്ങളും,<br>ഗണിത ശാസ്ത്രജ്ഞ<br>ന്മാര്യ | | | |

## മേഖല - അക്കാദമികം

## ഉപമേഖല - ഇംഗ്ലീഷ് പഠനപരിപോഷണം

### പ്രശ്നം

- പല കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഒരേപോലെ കൈകാര്യം ചെയ്യാൻ കഴിയുന്നില്ല.
- ഇംഗ്ലീഷ് ഭാഷ നന്നായി സംസാരിക്കാൻ കഴിയുന്നില്ല.
- ഇംഗ്ലീഷ് ഭാഷയിലെ വ്യാകരണ വ്യത്യാസം മനസ്സിലാക്കാൻ പറ്റാത്ത അവസ്ഥ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കും. | • ഇംഗ്ലീഷ് ഭാഷ ലളിതവും സുഗമമായും കൈകാര്യം ചെയ്യുന്നതിന് വേണ്ടി ആഴ്ചയിൽ 2 ദിവസം (ബുധൻ, വെള്ളി) ഹലോ ഇംഗ്ലീഷ് പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു.<br>• സ്കൂൾ അസംബ്ലി ബുധനാഴ്ച ഇംഗ്ലീഷിൽ ആക്കും. | 2025 ജൂൺ മുതൽ | ടീച്ചർ | PTA ഫണ്ട്. |
| ക്ലാസ്സ്റൂമിൽ ഉള്ള പാഠഭാഗങ്ങളിൽ വരുന്ന ഭാഷാവ്യവഹാര രൂപങ്ങൾ നേടിയെടുക്കുന്നതിന് | • കരിക്കുലം വിഭാവനം ചെയ്യുന്നതും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുമായ വ്യവഹാര രൂപങ്ങൾ ക്ലാസ്സിന് അനുയോജ്യമായ രീതിയിൽ കൈകാര്യം | 2025 ജൂൺ | ടീച്ചർ | S.S.A ഫണ്ട്. PTA ഫണ്ട്. 1000 രൂപ |

| | | | | |
|---|---|---|---|---|
| | ചെയ്ത് പ്രാബല്യത്തിൽ വരുത്തും.<br>• വ്യവഹാരങ്ങൾ ഉൾപ്പെട്ട കുട്ടികളുടേതായ ഒരു മാഗസിൻ നിർമ്മിക്കും. | | | |
| സ്വതന്ത്രമായ വായനക്കും, സ്വതന്ത്രമായ എഴുത്തിനും കുട്ടികൾക്ക് അവസരം നൽകും | • ഓരോ ക്ലാസിലെയും കുട്ടികൾക്ക് അവരുടേതായ രീതിയിലുള്ള ഇംഗ്ലീഷ് ഭാഷാരചനകൾ നിർമ്മിക്കാനുള്ള അവസരങ്ങൾ നൽകി അവരുടേതായ ഒരു സൃഷ്ടികൾ നിർമ്മിക്കുന്നു.<br>• ചിത്രവായനക്ക് ഉള്ള അവസരം നൽകും. | 2025 ജൂൺ മുതൽ | ചുമതലയുള്ള അധ്യാപിക | P.T.A ഫണ്ട്, 1000 രൂപ |
| I.T. സാധ്യതകൾ ഇംഗ്ലീഷ് ഭാഷയിൽ വിനിയോഗിക്കുന്നതിന് അവസരം നൽകും. | • ഇംഗ്ലീഷ് ഭാഷ സുഗമമായി കൈകാര്യം ചെയ്യുന്നതിനും, കുട്ടികൾക്ക് ലളിതമാക്കുന്നതിനും വേണ്ടി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണം. കൂടാതെ നാടകങ്ങളും ഇംഗ്ലീഷ് സിനിമകൾ കാണാനുള്ള അവസരം, ഇംഗ്ലീഷ് കാർട്ടൂണുകൾ കാണാനുള്ള അവസരം എന്നിവ നൽകും. | 2025 ജൂലൈ | SRG | MLA ഫണ്ട്<br>SSA<br>PTA ഫണ്ട്<br>2000 രൂ |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ദിനാചരണങ്ങൾ. ഇംഗ്ലീഷ് ബ്ലോഗ് എന്നിവ നടപ്പിൽ വരുത്തുന്നതിനും അവസരങ്ങൾ സൃഷ്ടിക്കാം | • ക്ലാസുകളിൽ ഇംഗ്ലീഷ് ദിനാചരണങ്ങൾ നടത്തുകയും വിവിധ ഇംഗ്ലീഷ് ഫെസ്റ്റുകൾ നടത്താം. വിവിധ ഇംഗ്ലീഷ് ഫെസ്റ്റുകൾ നടത്താം. ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരിക്കാം.<br>• അവസാന പിരീഡുകളിൽ spoken english പ്രവർത്തിപ്പിക്കാം. | 2025 ജൂൺ | ടീച്ചർ | PTA ഫണ്ട് MLA ഫണ്ട് 5000 രൂ |
| ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് | • ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് വേണ്ടി അവധി കാലങ്ങളിൽ ഇംഗ്ലീഷ് ക്ലാസുകൾ നടത്താം.<br>• വിദഗ്ധരായ അധ്യാപകരെ സംഘടിപ്പിച്ച് ശില്പശാല രൂപീകരിക്കാം. | 2025 ഏപ്രിൽ മെയ് | വിദഗ്ധരായ ഇംഗ്ലീഷ് ഭാഷാ അധ്യാപകർ | PTA ഫണ്ട് 500 രൂ |
| | • മാസത്തിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആക്കി മാറ്റുന്നു. കുട്ടികളെ കൊച്ചു കൊച്ചു ഇംഗ്ലീഷ് കഥകൾ, പദ്യം, സംഭാഷണം, റൈംസ് എന്നിവ വായിക്കാനും കേൾക്കാനും അവസരങ്ങൾ സൃഷ്ടിക്കാം. | 2025 ജനുവരി മുതൽ | SRG | PTA ഫണ്ട് 500 രൂ |

| | | | | |
|---|---|---|---|---|
| | • ഓരോ ക്ലാസുകൾക്ക് അനുസൃതമായും നിലവാരത്തിനനുയോജ്യമായ ഇംഗ്ലീഷ് ബുക്സ് സംഭരിച്ചിക്കും. | 2025 ജൂൺ മുതൽ | SRG | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം (വർഷം മുഴുവൻ) | Class Teacher | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, conversation, Story Telling) | മാസത്തിലൊന്ന് | Class Teacher | SMC |
| ഇംഗ്ലീഷ് മാഗസിൻ സർഗാത്മക രചനാ ശേഷി വികസനം | 3 മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | 3 മാസത്തിലൊരിക്കൽ | H.M Class Teacher SMC | SMC |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സർഗസൃഷ്ടികളുമായി പതിപ്പ് | മാസത്തിലൊന്ന് | Class Teacher | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കോർണർ<br>വായനാ പരിപോഷണം | • കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ.<br>• വായനാവേള ഒരുക്കൽ<br>• വായനാക്കുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | Class Teacher | രക്ഷിതാക്കൾ. |
| ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കുക. (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം. രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | Class Teacher | രക്ഷിതാക്കൾ<br>SMC |

# മേഖല: അക്കാദമികം.

ഉപമേഖല: സാമൂഹ്യശാസ്ത്ര പഠനം.

നിലവിലുള്ള അവസ്ഥ / പ്രശ്നം

സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിവ് ഇല്ലായ്മ ജനാധി-പത്യ ജീവിത സംസ്കാരം ഇല്ലായ്മ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക നിർവഹണം |
| --- | --- | --- | --- | --- |
| സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തര-വാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്ത-രാക്കുക. | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് (നാട്ടിൽ നടക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയ പരിച-യപ്പെടൽ) ദിനാചരണങ്ങൾ ആചരിക്കൽ. | ജൂൺ മുതൽ | | |
| ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക. | സാമൂഹ്യശാസ്ത്രവു-മായി ബന്ധപ്പെട്ട ചർച്ചകൾ അഭിമുഖം | 2025 ജൂൺ മുതൽ | | |

| | | | | |
|---|---|---|---|---|
| സമൂഹ ചലനത്തിന്റെ പൊതു സ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള രീതി ശാസ്ത്രം സ്വായത്തമാക്കാനും സഹായിക്കുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ്. ജനപ്രതിനിധികളുമായുള്ള സംവാദങ്ങൾ. ബോധവത്കരണ ക്ലാസുകൾ | 2025 ജൂൺ മുതൽ | | |
| ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് മാസിക തയ്യാറാക്കൽ. | ജൂൺ 2025 മുതൽ | SRG | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ സാമൂഹ്യശാസ്ത്രത്തിനായി പ്രയോജനപ്പെടുത്തുക. | . പത്രവാർത്ത അടിസ്ഥാനമാക്കി ചർച്ചകൾ നടത്തൽ. | | | |
| വാനനിരീക്ഷണം [illegible] പൊതുസ്വഭാവങ്ങൾ [illegible] | കുട്ടികളിൽ വാനനിരീക്ഷണം നടത്തുന്നതിന് ആവശ്യമായ ടെലസ്കോപ്പ് | 2025 ജൂൺ മുതൽ | ക്ലാസ് ടീച്ചർ [illegible] | |

| | | | | |
|---|---|---|---|---|
| മാപ്പ് നിർമ്മാ<br>പ്രാദേശിക<br>ചരിത്രം<br>നിർമ്മിക്കുന്ന-<br>-തിന്. | ണങ്ങൾ ചാർട്ട്,<br>സ്കെച്ച് ഇവ<br>ഉപയോഗിച്ച്<br>അധ്യാപകരും<br>കുട്ടികളും ചേർന്ന്<br>ഭൂപടം നിർമ്മി-<br>-ക്കുന്നു.<br><br>• സ്വന്തം പഞ്ചാ-<br>-യത്ത്, ജില്ല<br>ഇവയുടെ<br>ഭൂപടം<br>ഉണ്ടാക്കൽ.<br>രക്ഷിതാക്കളെ<br>വിളിച്ച് കൂട്ടി<br>ഒരു രക്ഷിതാവിന്റെ<br>വീട്ടിൽ വച്ച്<br>ഫോർമൽ PTA<br>സംഘടിപ്പിക്കുന്നു.<br>അവിടെ ചുറ്റു-<br>-പാടുമുള്ള<br>ആളുകളെയും<br>വിളിച്ചു ചേർക്കുന്നു. | 2025<br>ജൂൺ. | | PTA<br>ഫണ്ട്<br>SRG<br>1000 |

# മേഖല അക്കാദമികം

ഉപമേഖല സ്മാർട്ട് ക്ലാസ് റൂം

പ്രശ്നം:- പഠനപുരോഗതിക്ക് ആവശ്യമായ ക്ലാസ് അന്തരീക്ഷം ഇല്ലായ്മ. പുതിയ പഠനരീതിയുടെ അടിസ്ഥാനത്തിലുള്ള വൈദ്യുത ഉപകരണങ്ങളുടെ അഭാവം, ഓരോ ക്ലാസിലും ആധുനിക രീതിയിലുള്ള ബെഞ്ച്, ഡസ്ക്, അലമാര ലൈബ്രറി എന്നിവയുടെ അഭാവം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനപുരോഗതിക്ക് ആവശ്യമായ ക്ലാസ് അന്തരീക്ഷം ഒരുക്കൽ | ഓരോ ക്ലാസ് മുറികളും പുതുമയും ഭംഗിയും ആകർഷണീയവുമുള്ളതും ആക്കുക | 2025 ജൂൺ മുതൽ | PTA | വിദ്യാലയ വികസന സമിതി |
| പുതിയ പഠനരീതിയുടെ അടിസ്ഥാനത്തിലുള്ള വൈദ്യുത ഉപകരണങ്ങൾ സംഘടിപ്പിക്കുക | എല്ലാ ക്ലാസിലും എൽ ഇ ഡി ബൾബ്, ഫാൻ, ടി വി, എൽ സി ഡി പ്രൊജക്ടർ, മൈക്ക് തുടങ്ങിയ വൈദ്യുത സാമഗ്രികൾ ലഭ്യമാക്കുക | 2025 ജൂൺ മുതൽ | PTA | MLA Fund |

| | | | | |
|---|---|---|---|---|
| | ക്ലാസ് മുറികളിൽ വൈ-ഫൈ കണക്ഷൻ ഉൾപ്പെടുത്തുക<br>സ്കാനർ പ്രിന്ററുകൾ ഉൾപ്പെടുത്തുക | | | |
| ഓരോ ക്ലാസിലും ആധുനിക രീതിയിലുള്ള സജ്ജീകരണങ്ങൾ സംഘടിപ്പിക്കുക. | • ഓരോ കുട്ടിക്കും നല്ല കസേര, മേശ, അലമാറി ഉൾപ്പെടുത്തുക.<br>• ഓരോ ക്ലാസിലും മോഡേൺ രീതി-യിലുള്ള ലൈബ്രറി<br>• വൈറ്റ് ബോർഡ് എല്ലാ ക്ലാസിലും സ്ക്രീൻ ഉൾപ്പെടുത്തുക. | 2025 ജൂൺ മുതൽ | PTA<br>Class Teacher | |

# മേഖല : അക്കാദമികം

ഉപമേഖല : ഐടി അധിഷ്ഠിത പഠനം

പ്രശ്നം.

വിവരസാങ്കേതിക വിദ്യ, ഫലപ്രദമായി പ്രയോജനപ്പെടുത്താനുള്ള അവസരം ഇല്ലായ്മ. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയിലെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തായ്ക. മാനവരാശി വികസിപ്പിക്കുന്ന അറിവിനെ അതാത് അവസരങ്ങളിൽ അറിയാനുള്ള സാധ്യത ഇല്ലായ്മ. കുട്ടികൾക്ക് നിർഭയമായും സ്വാതന്ത്ര്യമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസര ഇല്ലായ്മ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | • സ്കൂളുകളിലെ എല്ലാ കുട്ടികൾക്കും ഐടി പരിശീലനം നൽകുക. • കളിപ്പെട്ടി പരിചയിക്കൽ | 2025 | | |

| | | | | | |
|---|---|---|---|---|---|
| | മലയാളം ടൈപ്പിങ്.<br>• അനിമേഷൻ സാധ്യത പരിചയപ്പെടുത്തുക | ജൂൺ 2025 | | | |
| അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയിലെ നൂതന സാധ്യതകൾ ഉപയോഗപ്പെടുത്തുക. | ഇന്റർനെറ്റ് ഉപയോഗം പരിചയപ്പെടുത്തുക.<br>ഗൂഗിളിൽ വിവിധ സാധ്യതകൾ പരിചയപ്പെടുത്തുക. | | | | |
| മാനവരാശി വികസിപ്പിക്കുന്ന അറിവിനെ അതത് അവസരങ്ങളിൽ അറിയാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക | • സ്കൂൾ ബ്ലോഗ് നിർമ്മാണം.<br>• ഓരോ കുട്ടിക്കും രക്ഷിതാക്കൾക്കും ഇ-മെയിൽ ഐഡി ഉണ്ടാക്കൽ.<br>• രക്ഷിതാക്കളുടെ വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കൽ. | | | | |
| കമ്പ്യൂട്ടർ പഠനത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തുക. | കുട്ടികൾക്ക് ചുറ്റു നിന്ന് ശാസ്ത്രസാങ്കേതികവിദ്യയിൽ നിന്നുള്ള അറിവ്, ഉപയോഗപ്പെടുത്തൽ | | | | |

മേഖല - അക്കാദമികം

ഉപമേഖല - class PTA

പ്രശ്നം - ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിവില്ലായ്മ, പങ്കാളിത്തമില്ലായ്മ, കുട്ടികളുടെ പഠനനിലവാരത്തെക്കുറിച്ചും വേണ്ടത്ര അറിവില്ലായ്മ, class PTA-യിൽ എത്തിച്ചേരുന്നതിനുള്ള സമയക്കുറവ്, ഉച്ചഭക്ഷണ പരിപാടിയിൽ വേണ്ടത്ര ശ്രദ്ധയില്ലായ്മ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളെ കുറിച്ച് രക്ഷിതാക്കൾക്ക് അറിവ് നൽകുന്നു. | • എല്ലാ മാസവും class PTA വിളിച്ച് കൂടൽ<br>• ഓരോ മാസത്തെയും പഠന പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യൽ. | 2015 ജൂൺ മുതൽ എല്ലാ മാസവും | class Teacher | class Teacher |
| ക്ലാസ് പ്രവർത്തനങ്ങളിൽ രക്ഷിതാക്കൾക്ക് പങ്കാളിത്തം നൽകുക. | • ക്ലാസിലേക്ക് ആവശ്യമായ പത്രം, ബാലമാസിക, കുറിപ്പ് എന്നിവ sponsor ചെയ്യൽ.<br>• കുട്ടികൾ ഉണ്ടാക്കിയ ഉൽപ്പന്നങ്ങളുടെ പ്രദർശനം.<br>• ഫീൽഡ് ട്രിപ്പ്, മേളകൾ എന്നിവയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്നതിനുള്ള സഹായം ഉറപ്പ് വരുത്തൽ | | | |

| | | | | | |
|---|---|---|---|---|---|
| | • പ്രശ്നപരിഹാരങ്ങൾ നിർവഹിക്കാനും ഈ പങ്കാളിത്തം.<br>• ദിനാചരണങ്ങൾ നടത്താനും ഈ പങ്കാളിത്തം.<br>• ക്ലാസിലെ അധ്യാപകർ അവധിയെടുക്കുമ്പോൾ PTA അംഗങ്ങളെ പങ്കാളിത്തം ഉറപ്പുവരുത്താൻ. | ഒക്ടോബർ മുഴുവനും തുടർന്നും. | | | |
| • കുട്ടികൾക്ക് പഠനത്തിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് പഠനനിലവാരം ഉയർത്താനും ഈ പ്രവർത്തനങ്ങൾ അനുയോജ്യമാകുന്നു. | • ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി കുട്ടികളുടെ പഠനപുരോഗതി വിലയിരുത്താൻ.<br>• ഇതിന്റെ അടിസ്ഥാനത്തിൽ പോരായ്മകൾ കണ്ടെത്തി പഠനപുരോഗതി വിലയിരുത്താൻ.<br>• പരിഹാരപ്രവർത്തനങ്ങൾ നടത്താൻ.<br>• രക്ഷാകർതൃയോഗം ക്ലസ്റ്ററിന്റെയും കഴിഞ്ഞതിനുശേഷവും പഠനപുരോഗതി ഉറപ്പുവരുത്തി രേഖപ്പെടുത്താൻ. | 2025 ജൂൺ മുതൽ | | | |

| | | | | |
|---|---|---|---|---|
| | • കൃത്യനിർണ്ണയ നടത്തിന്റെ നടത്തിപ്പിന് ഉ- പയോഗ പ്രവർത്തന ങ്ങൾ നൽകൽ. <br> • കുട്ടികൾക്ക് ആവശ്യ- മായ സമ്മാനങ്ങൾ സ്പോ- ൺസർ ചെയ്യൽ. | 2025 ജൂൺ മാസം | | |
| • Class PTA യിൽ രക്ഷിതാക്കളുടെ സാന്നിധ്യം ഉറ- പ്പാക്കൽ. | • Common PTA സംഘടി- പ്പിക്കൽ. <br> • രക്ഷിതാക്കളുടെ ഒഴിവ് സമയം കണ്ടെത്തി PTA സംഘടിപ്പിക്കൽ. | 2025 ജൂൺ മാസം എല്ലാ വർഷ വും | Class Teacher | 1000 രൂപ |
| • ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കാൻ PTA സഹായം ഉറപ്പുവരുത്തൽ | • ഉച്ചഭക്ഷണ കമ്മറ്റി രൂപീകരിക്കുക. <br> • കമ്മറ്റിയിലെ അംഗങ്ങൾ ഭക്ഷണത്തിലെ വൃത്തിയും രുചിയും പരിശോധി- ക്കൽ. <br> • പോരായ്മകൾ പരിഹരിക്കൽ | 2025 ജൂൺ മാസം | Class Teachers | |

മേഖല : അക്കാദമികം

ഉപമേഖല : ക്ലാസ് ലൈബ്രറി

പ്രശ്നം : സ്കൂളിന് കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങളുടെ കുറവ്, കുട്ടികളിൽ വായനയിൽ താൽപര്യമില്ലാത്ത അവസ്ഥ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിപുലമായ ലൈബ്രറി ഒരുക്കൽ, വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക. | • ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി സ്ഥാപിക്കുക<br>• സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി ഇവയിൽ പുസ്തകങ്ങൾ തെരഞ്ഞെടുക്കൽ,<br>• ശേഖരിക്കൽ<br>• വിതരണം ചെയ്യൽ. | 2025 മുതൽ 2026 വരെ | ക്ലാസ്ടീച്ചർ | SSA 15000 |
| കുട്ടികളിൽ വായനാശീലം വളർത്തൽ. എല്ലാ കുട്ടികളും സ | • വായിക്കുന്നതിന് വേണ്ടി കുട്ടികൾക്ക് പുസ്തകങ്ങൾ നൽകി വായനാവസരം സൃഷ്ടിക്കുന്നു. | | | |
| കുട്ടികൾക്ക് അറിവ് നേടാൻ അവസരം നൽകൽ. | വായിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി മത്സരങ്ങൾ നടത്തുന്നു. | 2025 മുതൽ | Class Teacher | |

| | | | | |
|---|---|---|---|---|
| വ്യസ്ത തലങ്ങളിലൂടെ വായന നടത്താനുള്ള കഴിവ് നേടുക | പുസ്തക വണ്ടി എന്ന പ്രവർത്തനത്തിലൂടെ പുസ്തകം ശേഖരിക്കൽ | 2025 ജൂൺ | Class Teacher | |
| രചനാപരമായ കഴിവ് | ഓരോ കുട്ടിയും വായിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് | | | |
| പ്രാദേശികമായി വായനാസാമഗ്രികൾ ഉപയോഗപ്പെടുത്തുക. | • പിന്നോക്കക്കാർക്ക് വേണ്ടി. വായനാ കാർഡ് നിർമ്മിക്കുന്നു.<br>• ഒരു ദിവസം ഒരു പുസ്തകത്തെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | 2025 ജൂൺ മുതൽ ജനുവരി വരെ | Class Teacher | PTA ഫണ്ട് 250 |
| അമ്മ വായന പ്രോത്സാഹിപ്പിക്കൽ | • കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് വേണ്ടി അമ്മമാരെ പ്രോത്സാഹിപ്പിക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| | • അമ്മമാർക്ക് വേണ്ടി വായന, അവർ കൃതികൾക്ക് വായനാക്കുറിപ്പിലേക്ക് നയിക്കുന്നു.<br>• അമ്മവായന അനുഭവം, വനിത, ഗൃഹലക്ഷ്മി കൊടുക്കുന്നു. അതുവഴി വായനയിലേക്ക് നയിക്കുന്നു. | 2025 ജൂൺ | Class Teacher | |
| ദിനാചരണങ്ങൾ<br>ദിനാചരണം | • ഓരോ മാസത്തിലും വരുന്ന ദിനാചരണങ്ങൾ ആചരിക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു.<br>• ചുമർപത്രം, പതിപ്പ് ഇവയെല്ലാം ഓരോ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്നു<br>• ഒരു ക്ലാസിലെ വായനം, പഠനശേഷം ഉണ്ടാക്കിയ പരിഗണിച്ച് സമ്മാനം ലഭിക്കുന്നു | | Class Teacher<br>SRG | 1000 രൂപ<br>PTA ഫണ്ട് 500 രൂപ<br>PTA ഫണ്ട് 150 രൂപ |

| | | | | |
|---|---|---|---|---|
| | • വായനാവാരം ആചരിക്കൽ<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• പുസ്തക ചർച്ച സംഘടിപ്പിക്കൽ<br>• രചനാ ശില്പശാല സംഘടിപ്പിക്കൽ<br>• class PTA-യിൽ പുസ്തക പരിചയം<br>• അച്ചടിച്ചതോ കൈകൊണ്ട് എഴുതിയതോ ആയ പത്രം പ്രസിദ്ധീകരിക്കൽ<br>• വായിച്ച പുസ്തകത്തിലെ സംഭവങ്ങൾ ദൃശ്യാവിഷ്കാരം. | | | |

# മേഖല- അക്കാദമികം

**ഉപമേഖല:-** ശാസ്ത്ര പരിപോഷണ പരിപാടി.

**നിലവിലുള്ള അവസ്ഥ :-**

കുട്ടികളിൽ ശാസ്ത്രീയ അവബോധത്തിന്റെ കുറവും, പരീക്ഷണങ്ങൾ ചെയ്ത് നിഗമനത്തിലെത്താനുള്ള ബുദ്ധിമുട്ട്, പരീക്ഷണ സമയത്ത് ഉപകരണങ്ങളുടെ കുറവും, അപഗ്രഥിച്ച് നിഗമനത്തിലെത്താനുള്ള ബുദ്ധിമുട്ട്, ഔഷധ സസ്യങ്ങളെപ്പറ്റിയും അതിന്റെ ഉപയോഗങ്ങളെക്കുറിച്ചും, അപഗ്രഥിച്ച് നിഗമനത്തിലെത്താനുള്ള ബുദ്ധിമുട്ട്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ക്ലാസ്മുറിയിൽ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും എല്ലാ ക്ലാസിലും സയൻസ് കോർണർ ഉറപ്പാക്കൽ. | • പഠനത്തിന് സഹായകമായ സയൻസ് കോർണറിൽ ഉണ്ടായിരിക്കേണ്ടതായ മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ. | 2025 ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | PTA ഫണ്ട്, SSA fund, 5000 രൂപ |
| • ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | • തയ്യാറാക്കിയ ലിസ്റ്റിലെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ എന്ന് തരംതിരിക്കൽ. • സാമഗ്രികളുടെ ശേഖരണം. | 2025 ജൂലൈ | ക്ലാസ് ടീച്ചർ | PTA ഫണ്ട് SSA ഫണ്ട് 5000 രൂപ. |
| • ദൈനംദിന പ്രയോഗത്തിൽ വരുന്ന പരീക്ഷണങ്ങൾ ചെയ്ത് പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. പരീക്ഷണങ്ങൾ ചെയ്ത് നിഗമനത്തിലെത്തുന്നു. | ഓരോ അധ്യാപകന്റെ കൈയിലും റെഡിമെയ്ഡ് സയൻസ് ടാബ് ഉറപ്പുവരുത്തൽ. | 2025 ജൂൺ | ക്ലാസ് ടീച്ചർ | SSA ഫണ്ട് 2500 രൂപ |

| | | | | |
|---|---|---|---|---|
| | • ശാസ്ത്രോപകരണ നിർമ്മാണം. | 2025 ജൂൺ | Class Teacher | PTA ഫണ്ട് 1000 |
| | • ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നു. | 2025 ജൂൺ ജൂൺ | SRG, | MLA ഫണ്ട് 4000 രൂപ |
| | • കുടിവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നു. | | | |
| • ശാസ്ത്രപഠനം ആകർഷകമാക്കുന്നതിന് | • ICT സാധ്യതകൾ ശാസ്ത്രപഠനത്തിൽ ഉപയോഗപ്പെടുത്തും | 2025 ജൂൺ | Class Teacher | MLA ഫണ്ട് 10000 രൂപ |
| • ശാസ്ത്രത്തിന്റെ നിത്യ ജീവിതത്തിലെ അനിവാര്യതകൾ മനസ്സിലാക്കുക. | • ശാസ്ത്രവുമായി ബന്ധപ്പെട്ട ശില്പശാല നടത്തും. | 2025 ജൂൺ | SRG | PTA ഫണ്ട് 1500 |
| • ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ പ്രയോജനപ്പെടുത്താനും കഴിവ് വർദ്ധിപ്പിക്കുക. | • ശാസ്ത്ര ക്ലബ്ബ് രൂപീകരിക്കും. | 2025 ജൂൺ | Class Teacher | |
| • ശാസ്ത്ര രംഗത്തെ നൂതന നേട്ടങ്ങൾ പരിചയപ്പെടുത്തുക. | • ബഹിരാകാശ ഗവേഷണത്തെ കുറിച്ച് മനസ്സിലാക്കുന്നതിന്.<br>• വിവിധ നക്ഷത്രങ്ങളെക്കുറിച്ച് കുട്ടികൾക്ക് അറിവ് ലഭിക്കുന്നു. | 2025 ജൂൺ | Class Teacher<br>SRG | PTA ഫണ്ട്, 1000,<br>SSA ഫണ്ട്<br>SRG 1000 |

- നക്ഷത്രങ്ങളെ പരിചയപ്പെടുന്നു.
- ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടെത്തുക.
- ജൈവവൈവിധ്യ ഉദ്യാനങ്ങൾ പ്രയോജനപ്പെടുത്തൽ.
- ആരോഗ്യ വിദ്യാഭ്യാസത്തിന്റെ വിവിധ പ്രവർത്തനങ്ങൾ.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ.
- കൃഷി, സസ്യങ്ങൾ തിരിച്ചറിയൽ, കൃഷിപ്പതിപ്പ് തയ്യാറാക്കൽ.

# മേഖല- അക്കാദമികം

ഉപമേഖല:- ജൈവവൈവിധ്യ ഉദ്യാനം.

പ്രശ്നം: പരിമിതമായ സ്ഥലം ഏറ്റവും വലിയ പ്രശ്നമാണ്. പാഠപ്രക്രിയയിൽ ജൈവവൈവിധ്യ ഉദ്യാനത്തെ ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യക്കുറവ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ശലഭോദ്യാനം ഒരുക്കുക | • ചിത്രശലഭങ്ങളെ ആകർഷിക്കുന്ന കിലുക്കിയുടെ ചെടി നട്ട് പിടിപ്പിക്കും. | 2026 ജൂൺ മുതൽ ഡിസംബർ വരെ | ജൂലി. പി.ജി. | P.T.A |
| • പാഠപ്രക്രിയയിൽ ജൈവവൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ.<br>• കൃഷിത്തോട്ടം ഒരുക്കുക. | പ്രാദേശികമായ വെണ്ട, വഴുതന, പയർ, തക്കാളി എന്നിവ കൃഷി ചെയ്യും. നമ്മൾ ജൈവവളമാണ് ഉപയോഗിക്കുന്നത്.<br>• രാസവളങ്ങൾ ഉപയോഗിച്ചാൽ ഉണ്ടാകുന്ന ദോഷങ്ങളെ കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തി. | 2025 ജൂൺ മുതൽ ഡിസംബർ വരെ | PTA | കൗൺസിലർ (MLA) |
| • ഔഷധ സസ്യത്തോട്ടം ഒരുക്കൽ | • ഔഷധ സസ്യങ്ങളായ പനിക്കൂർക്ക, ആടലോടകം, തുളസി, ആര്യവേപ്പ്, കുറുന്തോട്ടി, നന്ത്യാർവട്ടം എന്നിവ നട്ടുപിടിപ്പിക്കും. ഇതിന്റെ ഉപയോഗങ്ങളും ഗുണങ്ങളും കുട്ടികൾക്ക് നേരി | 2025 ജൂൺ മുതൽ 2026 ജൂലൈ വരെ | SRG | കൃഷി വകുപ്പ് |

| | | | |
|---|---|---|---|
| | ബോധ്യപ്പെടുത്തി കൊടുക്കാൻ സാധിക്കും. | | |
| ജലസംരക്ഷണം. | • ചെറിയ തോതിൽ മഴവെള്ളം സംഭരിക്കുന്നതിനു മഴവെള്ള സംഭരണി നിർമ്മിക്കും.<br>• കൃഷികൾ നനയ്ക്കുന്നതും പാത്രം കഴുകുന്നതുമായ വെള്ളം ചാലുകൾ വഴി സസ്യങ്ങളുടെ ചുവട്ടിലേക്ക് ഒഴുക്കി വിട്, കുളങ്ങൾ, തോടുകൾ എന്നിവ നികത്തിയാലുള്ള വിപത്തുകളെ കുറിച്ചുള്ള ബോധവൽക്കരണ class നടത്തും. | 2015 | PTA |
| മണ്ണ് സംരക്ഷണം. | • കൃഷികൾക്കടിക്കുന്ന രാസവളങ്ങൾ മണ്ണിന്റെ ഘടന നഷ്ടപ്പെടുത്തുന്നതിന്റെ ദോഷങ്ങളെക്കുറിച്ച് ബോധവാന്മാരാക്കി, മണ്ണ് ഒലിച്ച് പോകാതിരിക്കാൻ സസ്യങ്ങൾ വച്ചുപിടിപ്പിക്കാനും നടയണകളും നിർമ്മിക്കും.<br>• പ്ലാസ്റ്റിക് മാലിന്യങ്ങൾ മണ്ണിൽ വച്ച് നശിപ്പിക്കാതിരിക്കാനും അതിന്റെ ഗുണദോഷങ്ങളെ കുറിച്ച് കുട്ടികൾക്ക് കൃഷി ഓഫീസറെ കൊണ്ട് ഒരു class നടത്തും | | |

| | | | | |
|---|---|---|---|---|
| ജൈവവേലി നിർമ്മിക്കൽ | • നിലവിലുള്ള വേലിക്കരികിൽ ചെമ്പരത്തി, സിങ്കോണി, മരുന്നുചെടി, തുളസി എന്നിവ നട്ട് പിടിപ്പിക്കും. | 2025 ജനുവരി മുതൽ | Class Teacher | കാർഷിക വകുപ്പ് |
| കുളം നിർമ്മിക്കൽ | • സ്ഥലമില്ലാത്തതുകൊണ്ട് അനുയോജ്യമായ ഒരു ചെറിയ താമരക്കുളം നിർമ്മിച്ചിട്ടുണ്ട്. കുളത്തിനരികിൽ കൈവരിയും ആവശ്യം ഉണ്ട്. കുളത്തിന് കൈവരി പെയിന്റടിക്കുന്നത് ഭംഗിയെ വർദ്ധിപ്പിക്കും. | 2025 ജനുവരി മുതൽ | SRG | PTA |
| ജൈവപന്തൽ നിർമ്മിക്കൽ | • പാഷൻ ഫ്രൂട്ട്, കോവൽ എന്നിവകൊണ്ട് ജൈവപന്തൽ നിർമ്മിക്കും. • കുട്ടികളോട് തൈകൾ കൊണ്ട് വരാൻ നിർദ്ദേശിച്ചു. | 2025 ജനുവരി മുതൽ | അധ്യാപകർ | സ്കൂൾ വികസന സമിതി 1000 |
| മാലിന്യസംസ്കരണം. | • ഭക്ഷണാവശിഷ്ടങ്ങളെ ശേഖരിച്ചും പച്ചക്കറി വേസ്റ്റും കൃഷിക്ക് വളമായി ഉപയോഗിക്കും. • അവശിഷ്ടങ്ങൾ ഉപയോഗിച്ച് പൈപ്പ് കമ്പോസ്റ്റ് ഉണ്ടാക്കും. | 2026 ജനുവരി മുതൽ | PTA | പഞ്ചായത്ത് 500 രൂപ. |
| കാർഷിക മേളകൾ | • പലയിനം | 2025 | | |

| | | | | |
|---|---|---|---|---|
| | • കൃഷിക്കുള്ള വിത്ത് സമയവും നടീലിന്റെ വളർച്ചാഘട്ടങ്ങളും വളപ്രയോഗ സമയവും ഉൾപ്പെടുത്തി കലണ്ടർ തയ്യാറാക്കും. | ജനുവരി മുതൽ | | 300 |
| പൂന്തോട്ടം, പാർക്ക് | • പലവർണ്ണങ്ങളിലുള്ള ചെടികൾ വച്ചുപിടിപ്പിക്കും.<br>• കുട്ടികൾക്ക് ഇരിക്കാനുള്ള ചാരുബെഞ്ചുകൾ സ്ഥാപിക്കും<br>• മരങ്ങൾക്ക് ചുറ്റും കുട്ടികൾക്കുള്ള ഇരിപ്പിടങ്ങൾ നിർമ്മിക്കും.<br>• ഓരോ വൃക്ഷത്തിനും ചെടികൾക്കും നെയിം ബോർഡുകൾ സ്ഥാപിക്കും.<br>• പ്രവേശന കവാടത്തിനോട് വള്ളിച്ചെടികൾ നട്ടുപിടിപ്പിക്കും | 2025 ഓഗസ്റ്റ് മുതൽ ഡിസംബർ വരെ | അധ്യാപകർ | സ്കൂൾ വികസന സമിതി. |
| | | | | |

## മേഖല - അക്കാദമികം

ഉപമേഖല - ടാലന്റ് ലാബ്

പ്രശ്നം - കലാഭിരുചിയിലുള്ള കുറവ്, പ്രത്യേക കഴിവുള്ളവരെ കണ്ടെത്തിയിട്ടുണ്ടെങ്കിലും ലാബ് എന്ന രീതിയിൽ രൂപീകരിച്ചിട്ടില്ല.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക. | • വിവിധ ദിനാചരണങ്ങളോടനുബന്ധിച്ചു നടത്തുന്ന ക്വിസ് മത്സരം, ചിത്രരചനാമത്സരം, എന്നിവയിൽ നിന്നും കഴിവുള്ളവരെ തിരഞ്ഞെടുക്കുന്നു. • വായനാദിനത്തോടനുബന്ധിച്ചുള്ള കഥ, കവിതാരചനയിലൂടെ അതിന് പ്രാഗത്ഭ്യമുള്ളവരെ തിരഞ്ഞെടുക്കുന്നു. | | ജിഷ P.H. | നാമമാത്രം |
| കലാഭിരുചി വളർത്തുക. | • കലാപ്രവർത്തനങ്ങളിൽ പ്രാഗത്ഭ്യമുള്ള ചുറ്റുവട്ട വിദ്യാർത്ഥികളെ ടീച്ചർ അധ്യാപകരെ കൊണ്ടും കുട്ടികൾക്ക് ബോധവൽക്കരണ class കൊടുക്കും. | | ജിഷ P.H | |
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക. | • കുട്ടികളുടെ കലാപരമായ കഴിവിനനുസരിച്ച് അവർക്ക് പരിശീലനവും പ്രോത്സാഹനവും കൊടുക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| സാങ്കേതിക വിദ്യാസാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക. | • പരിചയമേഖലകൾ കുട്ടികൾക്ക് പുതിയതരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടി കമ്പ്യൂട്ടർ ഉപയോഗിക്കാറുണ്ട്.<br>• ചിത്രരചന, കാർഷിക വസ്തു നിർമ്മാണം. പെയിന്റിംഗ് എന്നിവയ്ക്കും കമ്പ്യൂട്ടർ ഉപയോഗിക്കും.<br>• പ്രാദേശിക വിദഗ്ധരെ വയറിംഗ് നിർമ്മാണം. ഓരോ മേഖലയിലൂടെ കുട്ടികളെ ഓരോ ഗ്രൂപ്പ് ഉണ്ടാക്കും.<br>• ഓരോ മേഖലയിലൂടെ കുട്ടികൾക്കും അതാത് മേഖലയിൽ വിദഗ്ധരായ പ്രാദേശിക വിദഗ്ധരെ കൊണ്ട് പരിശീലനം നൽകും.<br>• എൽ.എസ്.എസ് പരീക്ഷക്ക് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ | 2025 ജൂൺ മുതൽ | ഹസീന ടീച്ചർ | 1000 രൂ. |
| | | | | |

## മേഖല - സാങ്കേതികം

ഉപമേഖല:- പ്രവൃത്തിപരിചയം

പ്രശ്നം:- പ്രവൃത്തി പരിചയത്തിന് പരിശീലനം നൽകാൻ അധ്യാപകർക്ക് വേണ്ടത്ര പരിചയമില്ലായ്മ ഐ.ടി. സങ്കേതങ്ങളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ അഭാവം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണാത്മക വും കഴിവുകളും കുട്ടികളിലും വികസിപ്പിക്കുക. | • പ്രാദേശിക വിദഗ്ധരെ ഉപയോഗപ്പെടുത്തൽ | 2025 ജൂൺ മുതൽ | SSG | |
| പാഴ്‌വസ്തുക്കളിൽ നിന്ന് പുനരുപകരണങ്ങളും പ്രയോജനകരമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക. | • എസ് എസ് എ ട്രെയിനർമാരെ ഉപയോഗപ്പെടുത്തൽ.<br>• പ്രവൃത്തിപരിചയത്തിന് ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ. | 2025 ജൂൺ മുതൽ | SSA<br>Class Teacher | |
| ഇതര വിഷയ പഠനവുമായി പ്രവൃത്തിപരിചയ നൈപുണ്യം വികസിപ്പിക്കുക. | • പേപ്പർ, ക്രാഫ്റ്റ്ബോർഡ് നിർമ്മാണം.<br>• ക്ലേമോഡലിംഗ്<br>• കൗതുക വസ്തു നിർമ്മാണം<br>• കളിപ്പാട്ടനിർമ്മാണം | 2025 ജൂലൈ<br>2025 സെപ്തംബർ september<br>october 2025 | ഷൈനി Tr<br>സിന്ധു Tr.<br>Class Tr. | |
| ഇതരവിഷയപഠനവുമായി പ്രവൃത്തിപരിചയനൈപുണ്യം വികസിപ്പിക്കുക. | • പഠനോപകരണ നിർമ്മാണം. | സെപ്തംബർ september<br>2025 ജൂൺ | | |

മേഖല - അക്കാദമികം

ഉപമേഖല - കലാപരിശീലനം

പ്രശ്നം - എല്ലാ കുട്ടികളുടെയും സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരങ്ങളുടെ കുറവ്, പരിശീലനത്തിന്റെ കുറവ്, ICT സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന്റെ കുറവ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക, കലാഭിരുചി വളർത്തുക. | • വിദ്യാലയത്തിലെ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ കഴിവുകൾക്കനുസരിച്ച് ഗ്രൂപ്പുകളാക്കൽ | 2025 ജൂൺ | ജിഷ ടീച്ചർ | |
| എല്ലാകുട്ടികളുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക. | • പരിശീലനത്തിന് പ്രാദേശിക വിദഗ്ധരെ പ്രയോജനപ്പെടുത്തൽ | 2025 നവംബർ December | SRG | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ കലാപരിശീലനത്തിന് പ്രയോജനപ്പെടുത്തുന്നു. | • പാഠഭാഗങ്ങളെ നാടകമാക്കി അവതരിപ്പിക്കൽ. <br>• കലാപരമായ കഴിവുകൾ ബാലസഭയിൽ അവതരിപ്പിക്കൽ <br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ചിത്രരചനാ മത്സരങ്ങൾ, പോസ്റ്റർ, കവിതാരചന, കഥാരചന എന്നിങ്ങനെ മത്സരങ്ങൾ നടത്തൽ. | | | |

| | | | | |
|---|---|---|---|---|
| | • പ്രാദേശിക കലാകാരന്മാരുമായി അഭിമുഖം | 2025 നവംബർ ഡിസംബർ മാസത്തിൽ | ജിഷ Tr SSA Specialist അധ്യാപകർ | |
| | | | | |

## മേഖല - അക്കാദമികം

ഉപമേഖല - ആരോഗ്യകായിക വിദ്യാഭ്യാസം

പ്രശ്നം - വിദ്യാലയത്തിന് വിശാലമായ കളിസ്ഥലമില്ലാത്തത് ആരോഗ്യ കായിക വിദ്യാഭ്യാസത്തെ വളരെയധികം ബാധിക്കുന്നു. ശാസ്ത്രീയമായ പരിശീലനത്തിന്റെ അഭാവം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക | പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | | | |
| ആരോഗ്യശീലങ്ങൾ വളർത്തുക | ബോധവത്കരണ ക്ലാസുകൾ നടത്തൽ. | 2025 ജൂലൈ | ദിനി ടീച്ചർ ആശാ-പ്രവർത്തക | |
| ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം ഉണ്ടാക്കുക. | • ശുചിത്വ ബോർഡുകൾ സ്ഥാപിക്കൽ. • ശുചിത്വ കമ്മിറ്റി രൂപീകരണം | 2025 ജൂലൈ | PTA | PTA 500 രൂപ |
| ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക. | അസംബ്ലിയിൽ മാസത്തിൽ അവതരണം | 2025 ജൂൺ 2 നാൾ | ഷിജ Tr. | |
| ICT സാധ്യതകൾ ആരോഗ്യ, കായിക വിദ്യാഭ്യാസത്തിന് ഉപയോഗിക്കുക. | | | | |

## മേഖല - സാമൂഹികം

ഉപമേഖല - പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിശീലനം

പ്രശ്നം:- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന അധ്യാപകർക്കുള്ള പരിചയക്കുറവ്. പരിഗണന അർഹിക്കുന്ന കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനും കണ്ടെത്തുന്നതിനും ഉള്ള പരിചയക്കുറവ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റുള്ള കുട്ടികൾക്കും തുല്യ പരിഗണന ഉറപ്പാക്കുക. | പഠന സവിശേഷതകൾ നേരിടുന്ന കുട്ടികളുടെ വളർച്ചാ പരിപോഷണത്തിനായി തൊട്ടടുത്ത പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രവുമായി യോജിച്ചുകൊണ്ടുള്ള മെഡിക്കൽ പരിശോധനകൾ | 2025 ജൂൺ മുതൽ എല്ലാ വർഷവും | ദിവി ദിവ്യ | |
| ഈ വിഭാഗം കുട്ടികൾക്ക് ദേഹത്തിനും - വിഷയത്തിനും അനുരൂപീകരിച്ച സൃഷ്ടിപര പ്രക്രിയകളാക്കി ഡിസൈൻ ചെയ്ത് മെച്ചപ്പെടുത്തുക. | • വിവിധ സ്കീമുകളിലൂടെ ലഭ്യമാകുന്ന ഉപകരണങ്ങൾ യഥാസമയം നേടിയെടുക്കാനാവശ്യമായ പ്രവർത്തനങ്ങൾ. | 2025 ജൂൺ മുതൽ | സിജി Teacher | SSA |

| | | | | |
|---|---|---|---|---|
| ശ്രവണ വൈകല്യമുള്ളവരെ സഹായിക്കുക. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സവിശേഷമായ കഴിവുകൾ കണ്ടെത്താനും പരിപോഷിപ്പിക്കാനും ഉപകരണങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക | • റിസോഴ്സ് അധ്യാപകരെ ഉപയോഗപ്പെടുത്തുന്നു<br>• പരിശീലനങ്ങൾ ആവശ്യമായ രക്ഷിതാക്കൾക്ക് ക്ലാസുകൾ സംഘടിപ്പിക്കുന്നു | എല്ലാ വർഷവും | SSA | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടാൻ കുട്ടികൾക്കും രക്ഷിതാക്കൾക്കും അവസരമൊരുക്കി കമ്പ്യൂട്ടർ പരിശീലനം നൽകുക | • ആധുനിക സാങ്കേതിക വിദ്യാഭ്യാസങ്ങൾ ആവശ്യമായ മേഖലകളിൽ ഈ കുട്ടികൾക്ക് പ്രാപ്യമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ<br>• രക്ഷാകർതൃ വിദ്യാഭ്യാസം പരിശീലനം | ~~2024~~ 2025 ജൂൺ<br><br>2025 ജൂലൈ | Class Teacher റിസോഴ്സ്<br><br>റിസോഴ്സ് അധ്യാപകർ I.T Co-ordinator<br><br>SRG | PTA 1000 |

## പ്രതീക്ഷിത പഠനനേട്ടങ്ങൾ (ബൗദ്ധിക വികാസത്തിന് ഊന്നൽ നൽകുന്നത്)

- ഭാഷാശേഷി വികസനത്തിലൂടെ കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കുകയും അവരെ സാഹിത്യപരമായ രചനകൾക്ക് പ്രാപ്തരാക്കുക.
- ഗണിതശേഷി വികസനത്തിലൂടെ ചതുഷ്ക്രിയകളിലെ പ്രാവീണ്യം, നിത്യജീവിതത്തിൽ ഗണിതം പ്രയോഗിക്കാൻ, ഗണിത കേളികളിൽ ഏർപ്പെടാൻ, ഗണിത പ്രഹേളികൾക്ക് ഉത്തരം കണ്ടെത്താൻ എന്നിവയ്ക്ക് പ്രാപ്തരാക്കുക.
- ഇംഗ്ലീഷ് പഠനപരിപോഷണത്തിലൂടെ ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിനും ഇംഗ്ലീഷ് നന്നായി സംസാരിക്കുന്നതിനും കഴിവ് ഉണ്ടാക്കുക.
- ശാസ്ത്ര പരിപോഷണ പരിപാടികളിലൂടെ കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തൽ, വായനപോഷണം, ലൈബ്രറിശാക്തീകരണം എന്നിവയിലൂടെ വായനയെ പ്രോത്സാഹിപ്പിക്കുന്നു രചനാപരമായ കഴിവുകൾ വികസിപ്പിക്കൽ.
- ജൈവവൈവിധ്യ പാർക്ക് ഒരുക്കുന്നതിലൂടെ പരിസ്ഥിതി സ്നേഹം, ആവാസവ്യവസ്ഥ, കാർഷിക സംസ്കാരം വളർത്തിയെടുക്കുക.
- ഫീൽഡ് ട്രിപ്പുകൾ നടത്തുന്നതിലൂടെ നിരീക്ഷണപാടവം നേടുക.

# മോണിറ്ററിംഗ് രീതി

ഓരോ വിദ്യാർത്ഥിക്കും അവരുടേതായ കഴിവുകൾ ഉണ്ട്. അവരുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. കഴിവുകളുടെ വികാസം ഉണ്ടാകാതിരുന്നാൽ കുട്ടികളിൽ ആത്മവിശ്വാസക്കുറവ് ഉണ്ടാകും. കുട്ടികളിലെ താത്പര്യങ്ങളും കഴിവുകളും തളരുന്നത് കുട്ടികൾക്കും സമൂഹത്തിനും നഷ്ടങ്ങൾ ഉണ്ടാകും. കുട്ടിയിൽ മറഞ്ഞിരിക്കുന്ന കഴിവുകളെ ഉയർത്തിക്കൊണ്ടു വരികയാണ് ഒരു അധ്യാപകന്റെ കടമ. ഉചിതമായതും കൃത്യവുമായ മോണിറ്ററിംഗ് നടത്തിയാൽ മാത്രമേ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നുവെന്ന് മനസ്സിലാകൂ.

അക്കാദമികമായ ഉപദേശകർ വിദ്യാലയത്തിൽ രൂപീകരിച്ച അക്കാദമിക കൗൺസിൽ, വിദ്യാഭ്യാസ ഓഫീസർ, SSA ട്രെയിനർമാർ എന്നിവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്താവുന്നതാണ്. സ്കൂൾ വികസന പ്രവർത്തനങ്ങൾ, വിദ്യാലയ വികസന സമിതി, PTA എന്നിവയുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിച്ചും അക്കാദമിക പ്രവർത്തനങ്ങൾ ഉന്നതതല അക്കാദമിക സമിതിയും തദ്ദേശസ്വയംഭരണ സമിതിയും വിലയിരുത്തുന്നതാണ്. വിദ്യാലയത്തിൽ ജനപങ്കാളിത്തത്തോടെ ആവിഷ്കരിക്കുന്ന വികസന പദ്ധതികൾ വിലയിരുത്തുന്നത് വിദ്യാലയവുമായി ബന്ധപ്പെട്ട സമൂഹമായിരിക്കും. കൃത്യമായി തയ്യാറാക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിപുലമായ പങ്കാളിത്തത്തോടെ സാമൂഹിക പരിശോധന നടത്തി ഒരു രീതി ശാസ്ത്രം വികസിപ്പിക്കുന്നതാണ്.

# ഉപസംഹാരം

വിദ്യാലയ വികസന സമിതിയുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹായത്തോടെ നിലവിലുള്ള ക്ലാസ് മുറികളുടെ ചെറിയ രീതിയിലുള്ള നവീകരണ പ്രവർത്തനവും ജൈവ വൈവിധ്യ പാർക്കിനുള്ള ഒരുക്കങ്ങളും നടത്താൻ തീരുമാനിച്ചു. ഭാഷാശേഷി വികസനം, ഇംഗ്ലീഷ് പഠന പരിപോഷണം എന്നിവയ്ക്കായി ആഴ്ചയിൽ മൂന്ന് ദിവസം, രണ്ട് ദിവസം എന്നിങ്ങനെ ഉച്ചയ്ക്കുള്ള ഇടവേളകൾ പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു. LPS കുഴിവിളയിൽ തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാനിലെ പദ്ധതികൾ അതാത് കാലയളവിൽ P.T.A , S.A, OTA സഹകരണ സന്നദ്ധ സംഘടനകൾ, ക്ലബ്ബ്, വായനശാല പ്രവർത്തകർ എന്നിങ്ങനെയുള്ളവരുടെയും സഹായത്തോടെ നടപ്പിലാക്കാൻ കഴിഞ്ഞാൽ നമ്മുടെ ഈ വിദ്യാലയം അഞ്ച് വർഷത്തിനുള്ളിൽ മികവിന്റെ കേന്ദ്രമാവുക തന്നെ ചെയ്യും.

# അനുബന്ധം

## മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം - മുൻവർഷം)

മുൻവർഷങ്ങളിൽ ലൈബ്രറിയും കായികമേഖലയിലും പ്രവൃത്തിപരിചയ മേഖലയും വിദ്യാലയം മുൻപന്തിയിലാണ്. സാമൂഹിക പ്രവർത്തനങ്ങളിലും വളരെ മുന്നിലാണ്. നമ്മുടെ വിദ്യാലയത്തിൽ അക്ഷരമറിയാത്ത വിദ്യാർത്ഥികൾ ഇല്ല എന്നു തന്നെ പറയാം. ഓരോ കുട്ടിയെയും വ്യക്തിപരമായി ശ്രദ്ധിക്കാൻ അധ്യാപകർക്ക് കഴിയുന്നു. ഓരോ കുട്ടിയുടെയും പഠനപുരോഗതി അതതു ദിനം രക്ഷിതാക്കളെ അറിയിക്കുന്നതിന് ഈ വിദ്യാലയത്തിലെ അധ്യാപകർ ശ്രദ്ധപുലർത്തുന്നു. കഴിഞ്ഞ 2 വർഷങ്ങളിൽ പഞ്ചായത്ത് തല വൈദിക മേളയിൽ ഒന്നാംസ്ഥാനം കൈവരിക്കാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

നല്ലൊരു വിദ്യാലയ സമിതി രൂപീകരിക്കുവാനും അവരുടെ സഹായത്തോടെയും നാട്ടുകാരുടെ സഹകരണത്തോടെയും വിദ്യാലയത്തിന്റെ ഭൗതിക കാര്യങ്ങളിൽ മാറ്റം വരുത്താൻ കഴിയും. കഴിഞ്ഞ വർഷത്തെക്കാൾ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർധനവുണ്ടായി. വിവിധ ക്വിസ് മത്സരങ്ങളിലും വിജ്ഞാനോത്സവങ്ങളിലും ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ മുന്നിലെത്തുകയുണ്ടായി. വിദ്യാലയ വികസന സമിതിയുടെയും പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്കിന്റെയും സഹായത്തോടെ വിദ്യാലയത്തിന് ഈ വർഷം smarts class സജ്ജമാക്കി വരികയാണ്

## നിലവിലുള്ള കമ്മിറ്റികൾ

* പി.ടി.എ.
* എം.പി.ടി.എ.
* പൂർവ്വ വിദ്യാർത്ഥി സംഘടന
* പൂർവ്വ അധ്യാപക സംഘടന
* എസ്.ആർ.ജി.
* ഉച്ചഭക്ഷണ കമ്മിറ്റി
* വിദ്യാലയവികസന സമിതി